മറ്റ് പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ളതുപോലെ സ്വീമിൽ ചേരുന്നതിനുള്ള 'തത്വത്തിലുള്ള' സമ്മതം സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു.

സാമ്പത്തിക പുനഃസംഘാരണ സ്വീമിൽ ഉൾപ്പെട്ടിട്ടുള്ള വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യ പങ്കാളിത്തം അനുവദിക്കുക, വർഷംതോറും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിക്കുകയും വിതരണ മേഖലയിൽ ഫ്രാഞ്ചൈസി മുഖേനയോ പൊതു സ്വകാര്യ പങ്കാളിത്തം മുഖേനയോ സ്വകാര്യ മേഖലയുടെ ഇടപെടൽ സംസ്ഥാനത്ത് അനുവദിക്കേണ്ടതില്ലെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ സാമ്പത്തിക വർഷവും ഏപ്രിൽ 1-ന് മുമ്പ് വൈദ്യുതി താരിഫ് പുതുക്കി നിശ്ചയിക്കണമെന്ന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകൾക്ക് ഇലക്ട്രിസിറ്റി അപ്പലേറ്റ് ട്രിബ്യൂണൽ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ബി) ഊർജ്ജ മന്ത്രാലയം നിഷ്കർഷിച്ച പ്രകാരമുള്ള നിബന്ധനകൾക്കും ധാരണകൾക്കും വിധേയമായി സാമ്പത്തിക പുനഃസംഘാരണ പദ്ധതിക്ക് രൂപം നൽകണമെന്നും ടി പദ്ധതിയിൽ ചേരുന്നതിന് നിരുപാധിക സന്നദ്ധത അറിയിക്കണമെന്നും 7-3-2014-ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു.

(സി & ഡി) ബാധകമല്ല.

## വൈദ്യുതി ചോർച്ച

31 (371) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ചോർച്ച തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വിശദവിവരം നൽകാമോ ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly

(എ) വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ വൈദ്യുതി ചോർച്ച തടയുന്നതിനായി അവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി 13 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. ഇതിന് പുറമെ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും പോളികാർബണേറ്റ് സീലുകൾ ഉപയോഗിച്ച് മീറ്ററുകൾ സീൽ ചെയ്യുകയും ചെയ്തുവരുന്നു. എ.പി.റ്റി. സ്ക്വാഡുകൾക്ക് കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ടോങ് ടെസ്റ്റർ, മൾട്ടിമീറ്റർ തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

പ്രസരണ-വിതരണ വാണിജ്യ നഷ്ടം 15%-ത്തിൽ താഴെയാക്കി കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (RAPDRP- Part B). 1078 കോടി രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതി സംസ്ഥാനത്തെ 43 പട്ടണങ്ങളിൽ ഇപ്പോൾ നടപ്പിലാക്കിവരുന്നു.

(ബി) ഇത്തരം ചോർച്ച നിയന്ത്രിക്കുന്നതിന് സഹായകമായി നടത്തുന്ന പരിശോധനകളുടെ കൃത്യതയ്ക്കായി അതിനൂതനമായ എച്ച്.റ്റി. സ്റ്റാന്റേർഡ് റഫറൻസ് മീറ്റർ, എൽ.റ്റി. സ്റ്റാന്റേർഡ് റഫറൻസ് മീറ്റർ, പ്രൈമറി കറണ്ട് ഇൻജക്ഷൻ കിറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 13 സ്ക്വാഡുകളും വൈദ്യുതി ചോർച്ച തടയുന്നതിലേയ്ക്കായി എല്ലാ മാസവും പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവ് ഇൻസ്പെക്ഷനുകളും സംഘടിപ്പിക്കാറുണ്ട്.

കൂടാതെ RAPDRP-Part B-യുടെകീഴിൽ 178.77 കോടി രൂപ അടങ്കൽ തുകയുള്ള തിരുവനന്തപുരം പദ്ധതിക്ക് 3-8-2012 കേന്ദ്ര സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കൽ, നിലവിലുള്ള 11 കെ.വി. ലൈൻ മാറ്റി 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കൽ, RMU സ്ഥാപിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, പഴയതും കേടായതുമായ മീറ്ററുകൾ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ ടേൺ കീ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നു.

ഇതിന് പുറമെ 2014-ൽ കേരള സർക്കാർ ആവിഷ്കരിച്ച KSEB Ltd നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം (KPIS). 45.79 കോടി രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതി കരുനാഗപ്പള്ളി, നിലമ്പൂർ, കോട്ടയ്ക്കൽ, നീലേശ്വരം എന്നീ മുനിസിപ്പാലിറ്റികളിലും മാവേലിക്കര, ചെങ്ങന്നൂർ, പാല, വൈക്കം, അടൂർ, മൂവാറ്റുപുഴ, നോർത്ത് പറവൂർ, പെരുമ്പാവൂർ, ഇരിങ്ങാലക്കുട, കുത്തുപറമ്പ, തലശ്ശേരി, കൽപ്പറ്റ എന്നീ ഠൗണുകളിലും നടപ്പിലാക്കിവരുന്നു. പ്രസരണ-വിതരണ വാണിജ്യ നഷ്ടം 15% ത്തിൽ താഴെയാക്കി കുറയ്ക്കുവാനും ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പദ്ധതി, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ 7 ജില്ലകളിൽ 89.83 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്നതിനുള്ള അംഗീകാരം കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചു. ഇതുപ്രകാരം ഗ്രാമങ്ങളിലെ 18900 ബി.പി.എൽ. കുടുംബങ്ങളുടെ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**വൈദ്യുതി നിരക്ക് വർദ്ധനവും വരുമാനവും**

32 (372) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വൈദ്യുതി നിരക്ക് പുതുക്കി നിശ്ചയിച്ചതിലൂടെ ഇലക്ട്രിസിറ്റി ബോർഡിന് എത്ര അധിക വരുമാനമാണ് പ്രതിമാസം ലഭിക്കുന്നത് എന്ന് കണക്കാക്കിയിട്ടുണ്ടോ ; ബോർഡിന്റെ വരുമാനത്തിൽ കുറഞ്ഞ് ചാർജ് കുടിശ്ശികയിനത്തിൽ 2014-15 സാമ്പത്തിക വർഷം ഇതിനകം എത്രയുക ലഭ്യമായി എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

LIBRARY ARCHIVES Kerala Legislative Assembly